Draft #19 of File 57076/AC A1-1/2021/ACAD (PART-II) Approved by ASSISTANT REGISTRAR I (ACADEMIC) on 23-Feb-2022 03:17 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

യു.ജി.സി. ധനസഹായ കാലാവധി അവസാനിച്ച ബി.വോക്. പ്രോഗ്രാമുകൾ 2021-'22 അദ്ധ്യയന വർഷം മുതൽ സ്വാശ്രയ രീതിയിൽ തുടരുവാൻ തീരുമാനിച്ചുകൊണ്ട് വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്തു- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 1954/AC A 1/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 23.02.2022

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നം. 180/ACA1/2022/എം.ജി.യൂ. തീയതി: 05/01/2022
2. 31.01.2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം. നം. 150/22.01/57076/AC A1-1/2021/ACAD (Part II)

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം, സിൻഡിക്കേറ്റ്/അക്കാദമിക കൗൺസിൽ യോഗം കൂടാതിരിക്കുന്ന അടിയന്തിര സാഹചര്യങ്ങളിൽ, വൈസ്-ചാൻസലർക്ക്, ടി ആക്ട് പ്രകാരം സിൻഡിക്കേറ്റിന്റെ/അക്കാദമിക കൗൺസിലിന്റെ അധികാരം ഉപയോഗിച്ച് തീരുമാനമെടുക്കാവുന്നതാണ്.

2018-'19 അദ്ധ്യയന വർഷം വിവിധ കോളേജുകളിൽ യു.ജി.സി ധനസഹായത്തോടെ ബി.വോക് പ്രോഗ്രാമുകൾക്ക് അഫിലിയേഷൻ നൽകിയിരുന്നു. 2020-'21 അദ്ധ്യയന വർഷത്തോടെ യു.ജി.സി ധനസഹായ കാലാവധി അവസാനിച്ചതിനാൽ ടി പ്രോഗ്രാമുകൾ സ്വാശ്രയ രീതിയിൽ തുടരുന്നതിനു ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾമാർ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷകൾ പരിഗണിച്ചുകൊണ്ട്, ടി കോളേജുകളിലെ കോഴ്സുകൾ 2021-'22 അദ്ധ്യയന വർഷം സ്വാശ്രയ മേഖലയിൽ തുടരുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നുള്ള നിരാക്ഷേപ പത്രം 2022 ജനുവരി 31 നകം സമർപ്പിക്കാമെന്ന കോളേജ് മാനേജരുടെ/പ്രിൻസിപ്പാളിന്റെ സത്യവാങ്മൂലം വാങ്ങിക്കൊണ്ട് അനുമതി നൽകുന്നതിന് തീരുമാനിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച പരാമർശം (1) പ്രകാരമുള്ള സർവ്വകലാശാല ഉത്തരവും പരാമർശം (2) പ്രകാരം 31.01.2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ/പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. ജെ.ആർ2 /ഡി.ആർ1 /എ. ആർ 1 (അക്കാദമിക് വിഭാഗം)
4. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യൂ.എ.സി.
5.എസി.എ1/ എസി.സി.1/എസി.സി.2/ ആക്ഷൻ ടേക്കൺ റിപ്പോർട്ട്
6. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്/യൂണിവേഴ്സിറ്റി വെബ് സൈറ്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #19 of File 57076/AC A1-1/2021/ACAD (PART-II) Approved by ASSISTANT REGISTRAR I (ACADEMIC) on 23-Feb-2022 03:17 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം